## തൊഴിലാളി– തൊഴിലുടമ ബന്ധത്തിന് തെളിവില്ല: വിഹിതമടയ്ക്കണമെന്ന ഉത്തരവ് റദ്ദാക്കിയതിൽ തെറ്റില്ല

### കർണാടക ഹൈക്കോടതി

W.A. No. 3249/2018 Dt. 25.8.2020

അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ
x
ശാരദ ചിത്രമന്ദിര

സ്ഥാപനത്തിലെ തൊഴിലാളികളാണെന്ന വ്യാജേന ഏഴ് പേർ ലേബർ കോടതി മുമ്പാകെ തൊഴിൽ തർക്കമുന്നയിച്ചു. ലേബർ കോടതി തൊഴിലാളികളെ സാക്ഷികളായി വിസ്തരിച്ചപ്പോൾ അവർ സ്ഥാപനത്തിലെ തൊഴിലാളികളല്ലെന്നും ലേബർ ഇൻസ്പെക്ടറുടെ പ്രേരണയിൽ സ്ഥാപനത്തിൽ ജോലി ലഭിക്കുമെന്ന പ്രതീക്ഷയിലാണ് പരാതിയിൽ ഒപ്പിട്ടതെന്നും അവർ മൊഴി നല്കി. തൊഴിലാളികളും സ്ഥാപനവും തമ്മിൽ തൊഴിലാളി–തൊഴിലുടമ ബന്ധം നിലനിന്നിട്ടില്ലെന്ന് വിലയിരുത്തിയ ലേബർ കോടതി തൊഴിലാളികളുടെ പരാതി തള്ളിക്കളഞ്ഞു. അതേ സമയം പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ലേബർ കോടതിയിൽ പരാതി നല്കിയ ഏഴ് പേരും സ്ഥാപനത്തിലെ തൊഴിലാളികളാണെന്ന് പ്രഖ്യാപിച്ച പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിച്ച് ഉത്തരവിറക്കുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. തൊഴിലാളികൾ സ്ഥാപനത്തിലെ ജോലിക്കാരല്ലെന്ന് ലേബർ കോടതി വിധിച്ചിട്ടുള്ളതിനാൽ അവരുടെ പേരിൽ വിഹിതമടയ്ക്കണമെന്ന് ഇ.പി.എഫ്. കമ്മീഷണർ ഉത്തരവിട്ടത് തെറ്റാണെന്ന് മേനേജ്മെന്റ് വാദിച്ചത് അപ്പലേറ്റ് ട്രൈബ്യൂണൽ അംഗീകരിച്ചില്ല. വ്യവസായ തർക്ക നിയമപ്രകാരമുള്ള 'തൊഴിലാളി'യുടെ നിർവ്വചനവും ഇ.പി.എഫ്. നിയമപ്രകാരമുള്ള നിർവ്വചനവും തമ്മിൽ വ്യത്യാസമുണ്ടെന്നും ലേബർ കോടതിയുടെ വിധി ബാധകമല്ലെന്നും കണ്ട് അപ്പലേറ്റ് ട്രൈബ്യൂണൽ മേനേജ്മെന്റിന്റെ അപ്പീൽ തള്ളിക്കളഞ്ഞു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. മേനേജ്മെന്റിന്റെ വാദം അംഗീകരിച്ച സിംഗിൾ ബഞ്ച് റിട്ട് ഹർജി അനുവദിക്കുകയും ട്രൈബ്യൂണലിന്റെ വിധിയും കമ്മീഷണറുടെ ഉത്തരവും റദ്ദാക്കുകയും ചെയ്തു. ഇതിനെതിരെ ഇ.പി.എഫ്. കമ്മീഷണർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. ലേബർ കോടതി മുമ്പാകെ പരാതി നല്കിയ ഏഴ് തൊഴിലാളികൾ തങ്ങൾ സ്ഥാപനത്തിലെ ജോലിക്കാരല്ലെന്ന് മൊഴി നല്കിയിട്ടുള്ളതിനാൽ അവരുടെ പേരിൽ വിഹിതമടയ്ക്കണമെന്ന ഉത്തരവ് തെറ്റാണെന്ന് വിലയിരുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ശരിവയ്ക്കുകയും ഇ.പി.എഫ്. കമ്മീഷണറുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.